K.G.S.T. Code No. 11010268
C.S.T. Code No. 11015268

ടെലഗ്രാം : എസ്സീറ്റി ഫെഡ്
ടെലഫോൺ : 2433850
ഫാക്സ് : 2438932

രജി. ഓഫീസ്
പേരൂർക്കട, തിരുവനന്തപുരം - 695 005

# കേരള സംസ്ഥാന പട്ടികജാതി-പട്ടിക വർഗ വികസന സഹകരണ ഫെഡറേഷൻ ക്ലിപ്തം

നമ്പർ. വനാവകാശകമ്മീഷൻ [illegible]

തീയതി ......................................

**ബഹു: കേരള സംസ്ഥാന നിയമവകുപ്പ് മന്ത്രി അവർകൾ മുമ്പാകെ കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ പ്രസിഡന്റ് വി. കേശവൻ സമർപ്പിക്കുന്ന നിവേദനം.**

സർ,

2008 ജനുവരി ഒന്നു മുതൽ The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Acts 2006 പ്രാബല്യത്തിൽ വന്നിരിക്കുകയാണല്ലോ. തടിയിതര വന വിഭവശേഖരണം സംബന്ധിച്ച് 30-03-2007-ലെ E & T W 3/409/2007 നമ്പർ ഉത്തരവു പ്രകാരം വിവിധ ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾക്ക് തടിയിതര വനവിഭവശേഖരണത്തിനായി (NTFP) വനം റെയ്ഞ്ചുകൾ അനുവദിച്ച് കൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉത്തരവായിട്ടുണ്ട്. ഇത് വനനയിയമം പ്രാബല്യത്തിൽ വരുന്ന തിയതി വരെയോ 2008 മാർച്ച് 31 വരെയോ ആണ്.

2008 ജനുവരി 1 നു നിയമം പ്രാബല്യത്തിൽ വന്ന സ്ഥിതിക്ക് മേൽ ഉത്തരവ് ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരണം നടത്താൻ സാധിക്കുകയില്ല. ഇതുമൂലം വനവിഭവങ്ങൾ നശിക്കുകയോ ആദിവാസി ഇതര വിഭാഗങ്ങൾ നിയമ വിരുദ്ധമായി വനവിഭവങ്ങൾ ശേഖരിക്കുകയോ ചെയ്യാൻ സാധ്യതയുണ്ട്. ഇത് വനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ആദിവാസികൾക്ക് തൊഴിലും വരുമാനവും നഷ്ടപ്പെടുകയും ചെയ്യും. പട്ടികജാതി/പട്ടികവർഗ്ഗവികസന സഹകരണ ഫെഡറേഷന്റെ പ്രവർത്തനവും ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനവും ഈ സാഹചര്യത്തിൽ നിശ്ചലമാകും. ഫെഡറേഷന്റെ തൃശൂരുള്ള ആയുർവേദ ഔഷധനിർമ്മാണശാലയുടെ പ്രവർത്തനവും തന്മൂലം പ്രതിസന്ധിയിലാകും. 2-1-1982-ലെ GOMS No. 4/82/AD ഉത്തരവ് പ്രകാരം തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനുള്ള കുത്തക അവകാശം ഫെഡറേഷനുമാത്രമാണ് നൽകിയിട്ടുള്ളത്. കഴിഞ്ഞ 25 വർഷക്കാലമായി കേരളത്തിലെ വനവിഭവശേഖരണവും മൂല്യവർദ്ധനവും വിപണനവും നടത്തുന്നത് SC/ST വികസന സഹകരണ ഫെഡറേഷൻ മുഖേനയാണ്.

പുതിയ വന നിയമം അതേപടി നടപ്പാക്കിയാൽ കേരളത്തിലെ ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളിലൂടെ വനവിഭവം ശേഖരിച്ചു ഉപജീവനം നടത്തുന്ന ആദിവാസികളുടെ വരുമാന മാർഗ്ഗം തടസ്സപ്പെടുകയും ഈ മേഖല വമ്പിച്ച ചൂഷണത്തിന് വിധേയമാകുകയും ചെയ്യും.

ആകയാൽ വനാശ്രിത സമൂഹമെന്ന നിർദ്ദിഷ്ട വനനിയമത്തിലെ നിർവചനത്തിൽ വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളിൽ തന്നെ നിലനിർത്തി ആദിവാസി സമൂഹത്തിനു സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

THE KERALA STATE FEDERATION OF SC & ST DEVELOPMENT CO-OPERATIVES
Ltd. No. 4351
TRIVANDRUM

തിരുവനന്തപുരം
11-03-2008

**വി. കേശവൻ**
പ്രസിഡന്റ്

PRESIDENT
The Kerala State Federation of Scheduled Castes and Scheduled Tribes Development Co-operative Ltd Trivandrum-5